ജൂൺ 2025 | വാല്യം 17 | ലക്കം 6

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)

(For Private Circulation only)

# വിവാഹ മംഗളാശംസകൾ.. 27.04.2025



**നിബിൻ ബാബു**
**പുത്തൻകുടിയിൽ**

&

**ഡോ. സോന റാണി**
**പനയ്ക്കൽ പാലാക്കാരൻ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com





ജൂൺ 2025 വാല്യം – 17, ലക്കം –6



## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**
Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 0485 2962595
email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി.വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



**നിർമ്മലാംബികേ**
**ഞങ്ങൾക്കുവേണ്ടി**
**അപേക്ഷിക്കണമേ**

***പേജുകളിലൂടെ...***


**3** വികാരിയച്ചന്റെ സന്ദേശം
**6** ലെയോ പതിനാലാമൻ മാർപാപ്പ
**10** വിശുദ്ധരുടെ പാതയിലൂടെ
**14** ബൈബിൾ ക്വിസ്
**16** വാർഡ് വാർത്തകൾ
**19** വാർഡ് പ്രാർത്ഥന ഭവനങ്ങൾ
**20** വാർഡ് ഭാരവാഹികൾ 2024 - 2025
**22** ദേവാലയ വായനകൾ
**24** വിശുദ്ധ ഗ്രന്ഥ വായനകൾ


കവർ പേജ് : **ലെയോ പതിനാലാമൻ മാർപാപ്പ**

**2025 - ലെ എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ. പരീക്ഷകളിൽ**
**ഫുൾ എ പ്ലസ് കരസ്ഥമാക്കിയവർക്ക്**
***അഭിനന്ദനങ്ങളും ആശംസകളും....***

**SSLC**




**മെറിൻ മനോജ്**
**മുട്ടംതോട്ടിൽ**

**CBSE**




**ലിയോൺ ക്രിസ്റ്റഫർ ജോർജ്ജ്**
**പഞ്ഞിക്കുന്നേൽ**

**CBSE**



**ജോൺ കെ പ്രിൻസ്**
**കൊമ്പനാത്തോട്ടം**



**സീറോ മലബാർ പ്രോ-ലൈഫ് അപ്പസ്തലേറ്റ്**
**സെക്രട്ടറിയായി നിയമിതനായ**
**ജോയ്സ് മുക്കുടത്തിന്**
*അഭിനന്ദനങ്ങൾ*

# വികാരിയച്ചന്റെ സന്ദേശം

## പന്തക്കുസ്ത തിരുനാൾ



പഴയ നിയമത്തിൽ ഇസ്രായേൽ ജനം വിളവെടുപ്പിനോടനുബന്ധിച്ച് പന്തക്കുസ്താ തിരുനാൾ ആഘോഷിച്ചിരുന്ന പന്തക്കുസ്ത എന്ന വാക്കിന്റെ അർത്ഥം 'അമ്പത്' എന്നാണ്. ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടി പ്രകാരമുള്ള ദൈവ ജനമായിത്തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപപ്പെട്ടു.

പുതിയ നിയമത്തിൽ ഈ തിരുനാളിന് പുതിയ അർത്ഥം നൽകപ്പെട്ടു. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണ് പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യ പ്പെട്ടത്. പന്തക്കുസ്താക്കു ശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ ലോകമെങ്ങും പോയി സഭാ സമൂഹങ്ങൾ ആരംഭിക്കുകയും ചെയ്തത്.

യേശുവിന്റെ ശിഷ്യരെ സംബന്ധിച്ചിടത്തോളം ഉത്ഥിതനായ യേശുവിലൂടെ ലഭിച്ച ആത്മീയ ജീവന്റെയും നവചൈതന്യത്തിന്റെയും അനുഭവമായിരുന്ന ആദ്യത്തെ പന്തക്കുസ്ത. അത് ഇങ്ങനെയായിരുന്നു. "എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെ മേൽ അയക്കുന്നു. ഉന്നതത്തിൽ നിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ താമസിക്കുവിൻ" എന്ന യേശു വചനമനുസരിച്ച് (ലൂക്ക 24:49, നട 1:8) പരിശുദ്ധ കന്യകാമറിയത്തോടൊപ്പം ശിഷ്യന്മാർ സെഹിയോൻ ശാലയിൽ സമ്മേളിച്ചു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീട് മുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയും മേൽവന്ന് നിൽക്കുന്നതായി അവർക്ക് കാണപ്പെട്ടു, അവരെല്ലാം പരിശുദ്ധാത്മാവിനാൽ നിറഞ്ഞു." (നട 2:14) ഈ അനുഭവത്തിന്റെ അനുസ്മരണമാണ് നമുക്കു പന്തക്കുസ്ത തിരുനാൾ.

പരിശുദ്ധാത്മാവിന്റെ ആഗമനത്തിൽ കാറ്റിന്റെ കരുത്തും തീയുടെ ചൂടും വെളിച്ചവുമൊക്കെ ശിഷ്യന്മാർക്കു അനുഭവപ്പെട്ടു. കാറ്റും അഗ്നിയും ദൈവീക ശക്തിയുടെയും ദൈവിക ചൈതന്യത്തിന്റെയും പ്രതീകങ്ങളാണ്. ഇസ്രായേൽ ജനത്തിന്റെ വിമോചനത്തിൽ ഈ ശക്തിയുടെയും ചൈതന്യത്തിന്റെയും പ്രവർത്തനം വ്യക്തമാണ്. ഹൊറേബ് മലയിൽ മുൾപ്പടർപ്പിൽ ജ്വലിച്ചുകൊണ്ടിരുന്ന അഗ്നിക്ക് നടുവിലാണല്ലോ ദൈവം പ്രത്യക്ഷപ്പെട്ട്

വിമോചനത്തിന്റെ ദൗത്യം മോശക്ക് നൽകിയത് (പുറ 3:2, 9-10). അടിമത്വ ത്തിൽ നിന്ന് വാഗ്ദാന നാട്ടിലേക്കുള്ള ദൈവജനത്തിന്റെ യാത്രയിൽ വഴി കാട്ടാൻ പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും ദൈവം അവർക്കു മുമ്പേ സഞ്ചരിച്ചു. (പുറ 13:21). കടലിനുമുമ്പിൽ വന്ന് ജനം പകച്ചു നിന്നപ്പോൾ രാത്രി മുഴുവൻ ശക്തമായ കിഴക്കൻ കാറ്റിനെ അയച്ച് കടലിനെ പിന്നോക്കം പായിച്ച് അവർക്കു കടന്നുപോകാൻ അവിടുന്ന് ഉണങ്ങിയ പ്രതലം സൃഷ്ടിക്കുകയുണ്ടായി (പുറ 14:21-22). പ്രവാചകനായ ഏശയ്യായെ പാപം നീക്കി വിശുദ്ധീകരിച്ച് വചന പ്രഘോഷണത്തിന് സജ്ജനാക്കിയത് ബലിപീഠത്തിൽ നിന്നെടുത്ത തീക്കനൽ അധരത്തിൽ സ്പർശിച്ചു കൊണ്ടാണ് (ഏശ 6:6). ചുരുക്കത്തിൽ പഴയ നിയമത്തിലെ വിമോചന ശക്തിയും വിശുദ്ധീകരണശക്തിയുമാണ് കാറ്റും അഗ്നിയും. അപ്രകാരം തന്നെ പുതിയ നിയമത്തിലെ പാപമോചക ശക്തിയും വിശുദ്ധീകരണ ശക്തിയുമാണ് പരിശുദ്ധാത്മാവ്. ശിഷ്യന്മാർക്ക് യേശു പരിശുദ്ധാത്മാവിനെ നൽകുന്ന രംഗം യോഹന്നാൻ വെളിപ്പെടുത്തുന്നത് ഇപ്രകാരമാണ്. അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അവൻ അരുൾ ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും (യോഹ20:21-23). ബന്ധിക്കുന്നതും മോചിക്കുന്നതും പരിശുദ്ധാത്മാവാണ്. " കാറ്റ് അതിന് ഇഷ്ടമുള്ളിടത്തേക്ക് വീശുന്നു" (യോഹ 3:8)

സൃഷ്ടിയുടെയും പുനസൃഷ്ടിയുടെയും ശക്തിയാണ് പരിശുദ്ധ 'റൂഹാ'. റൂഹ എന്നത് ഹിബ്രുപദമാണ്. സമാനമായ ഗ്രീക്ക് പദം നെപ്വാ എന്നാണ്. രണ്ട്പദങ്ങൾക്കും 'കാറ്റ്','ശ്വാസം''അരൂപി''ആത്മാവ്' എന്നൊക്കെ അർത്ഥങ്ങൾ ഉണ്ട്.

പ്രപഞ്ച സൃഷ്ടിയിൽ ദൈവത്തിന്റെ ശക്തി 'കാറ്റ്'ആയി ജലത്തിൽ സന്നിവേശിച്ചു (ഉല്പ 1:1-2). പൂഴിയിൽ നിന്ന് മെനഞ്ഞെടുത്ത മർത്യ രൂപത്തിൽ ദൈവത്തിന്റെ 'ശ്വാസം' ഉൾപ്രവേശിച്ചപ്പോൾ ജീവനുള്ള മനുഷ്യനായി (ഉല്പ 2:7). ദൈവജനത്തിന്റെ രൂപീകരണത്തിലും (പുറ 14:21 22) പുനസൃഷ്ടിയിലും (എസ 37:1-4) റൂഹായുടെ ശക്തമായ പ്രവർത്ത നമുണ്ട്. ദൈവപുത്രന് ജന്മം നൽകുന്നതും (മത്താ 1:18-20) യേശു ദൈവപുത്രനാണെന്നു നമ്മെ ബോധ്യപ്പെടുത്തുന്നതും (യോഹ 1:33-34) സ്വന്തം ദൗത്യ നിർവഹണത്തിന് യേശുവിന് ശക്തി നൽകുന്നതും (ലൂക്ക 4:18) യേശുവിനെ ഉയിർപ്പിക്കുന്നതും (റോമ 8:11) പരിശുദ്ധാത്മാവാണ്. യേശു കർത്താവാണെന്ന് നമ്മെക്കൊണ്ട് ഏറ്റുപറയിക്കുന്നതും (1 കൊറി 12:3) നമ്മെ ദൈവ മക്കളാക്കി മാറ്റുന്നതും (റോമ 8:14-17) ദൈവപുത്രന്റെ സാക്ഷികളാക്കി തീർക്കുന്നതും (നട 6:5, 10:47, 11:24) സ്നേഹ സമൂഹമായി പടുത്തുയർത്തുന്നതും പരിശുദ്ധ റൂഹാ തന്നെ (നട 2:42, 4:32)

പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ വിവിധ ഭാഷകളിൽ സംസാരിച്ചെന്നും വിവിധ ഭാഷക്കാരായ കേൾവിക്കാർക്ക് അപ്പസ്തോലന്മാരുടെ പ്രഭാഷണം മാതൃഭാഷകളിൽ കേൾക്കാൻ കഴിഞ്ഞുവെന്നും നടപടി പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. (നട 2:4, 11) ബേബേൽ ഗോപുരത്തിന്റെ നിർമ്മാണത്തിനിടയിൽ ഭിന്നിപ്പിന്റെ ഭാഷ സംസാരിച്ച് നാടാകെ ചിതറിപ്പോയ ജനത്തിന്റെ (ഉല്പ 11:9)സ്നേഹത്തിന്റെ (1 കൊറി 13)ഏക ഭാഷാ മനസ്സിലാക്കു ന്നവരും പരസ്പരം പങ്കുവെയ്ക്കുന്നവരും അപ്പസ്തോല പ്രബോധനത്തിന് ചെവി കൊടുക്കുന്നവരും, ആരാധകരും അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കുചേരുന്നവരുമാക്കി പരിണമിപ്പിച്ച് രക്ഷിക്കപ്പെട്ടവരുടെ സമൂഹമാക്കി പുനസൃഷ്ടിച്ചത് പരിശുദ്ധാത്മാവാണ് (നട2:42-47). ഏക ദൈവത്തെയും ഏക കർത്താവിനെയും അംഗീകരിക്കുന്ന ഏക വിശ്വാസം ഏറ്റുപറയുന്ന ഏക മാമ്മോദീസ സ്വീകരിക്കുന്ന ഏകാത്മാവിന്റെ ചൈതന്യത്താൽ സജീവമാകുന്ന ഏക ശരീരമായി സഭയെ പടുത്തുയർത്തിയത് പരിശുദ്ധാ ത്മാവാണ് (എഫേ 4:2-6). ചിതറിക്കപ്പെട്ട സകലരെയും സകല ദേശക്കാ രെയും ഭാഷക്കാരെയും സ്നേഹത്തിന്റെ ചൈതന്യത്തിൽ സഭയിൽ യോജിപ്പി ക്കുന്നതും പരിശുദ്ധാത്മാവു തന്നെ.

ലോകത്തിലെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിക്കുവാൻ (യോഹ 17:14) വിളിക്കപ്പെട്ടവരാണ് നാം. ദുഷ്ടന്റെ കെണികളിൽ വീഴാതെ (യോഹ 17:15) ദൈവത്തോട് വിധേയരായി ജീവിക്കുവാൻ (യാക്കോ 4:7) പരിശുദ്ധാത്മാവിന്റെ സഹായം നമുക്കാവശ്യമാണ്. ആകയാൽ പന്തക്കുസ്ത തിരുനാൾ ആഘോഷിക്കാൻ ഒരുങ്ങുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ഹൃദയത്തിന്റെ ഇരുണ്ട അറകളെ പരിശുദ്ധാത്മാവിന്റെ കാറ്റിനും വെളിച്ചത്തിനുമായി തുറന്നിടാം. നമ്മുടെ പാപങ്ങളെക്കുറിച്ച് മനസ്താപിക്കാം. ക്രൂശിതനും ഉത്ഥിതനുമായവനെ നമ്മുടെ രക്ഷകനും നാഥനുമായി അംഗീകരിച്ച് ഏറ്റുപറയാം. ലോകത്തിന് അനുരൂപപ്പെടാതെ (റോമ 12:2) ജീവിച്ചുകൊണ്ട് ദുഷ്ടന്റെ കുടില തന്ത്രങ്ങളെ തകർക്കാം. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ദൈവമക്കളായി മാറാം (റോമ 8:14). അരൂപിയുടെ ആഗമനത്തിന് ശിഷ്യരോടൊപ്പം പ്രാർത്ഥനാനിരതയായിരുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം നമുക്കു യാചിക്കാം. ദൈവാത്മാവ് നമ്മിൽ നിറയട്ടെ അങ്ങനെ നവീകരിക്കപ്പെട്ട പുതു സൃഷ്ടികളായി നമുക്ക് മാറാം.

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ലെയോ പതിനാലാമൻ മാർപാപ്പ

കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ഇനി തിരുസഭയെ നയിക്കും. 1878 മുതൽ 1903 വരെ മാർപപ്പയായിരുന്നലെയോ പതിമൂന്നാമന്റെ പേര് സ്വീകരിച്ച അദ്ദേഹം ലെയോ പതിനാലാമൻ എന്ന് അറിയപ്പെടും. കോൺക്ലേവിന്റെ രണ്ടാംദിവസമായ 08.05.2025 വൈകുന്നേരം 4.30 ന് (ഇന്ത്യൻ സമയം രാത്രി എട്ട്) നടന്ന 08.05.2025 ലെ മൂന്നാമത്തെയും കോൺക്ലേവിലെ നാലാമത്തെയും റൗണ്ട് വോട്ടെടുപ്പിലാണ് സാർവത്രികസഭയുടെ 267-ാം ത്തെ മാർപാപ്പയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. അഗസ്റ്റീനിയൻ സന്യാസ സഭാംഗമാണ് അറുപത്തൊമ്പതുകാരനായ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ്. നിലവിൽ ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ വിഭാഗത്തിന്റെ തലവനും ലാറ്റിനമേരിക്കയ്ക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റുമാണ്. 2023 ൽ ഫ്രാൻസിസ് മാർപാപ്പയാണ് അദ്ദേഹത്തെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തിയത്. 08.05.2025 വത്തിക്കാൻ സമയം വൈകുന്നേരം 6.09 നാണ് (ഇന്ത്യൻ സമയം രാത്രി 9.39) നാണ് സന്തോഷവാർത്ത ലോകത്തെ അറിയിച്ച് സിസ്റ്റൈൻ ചാപ്പലിന്റെ ചിമ്മിനിയിൽ നിന്നു വെളുത്ത പുക ഉയർന്നത്. ഇതോടെ സെന്റ്പീറ്റേഴ്സ് ബസിലിക്കയിലെ മണികൾ മുഴുങ്ങുകയും സ്വിസ് ഗാർഡുകളും ഇറ്റാലിയൻ സൈനിക വിഭാഗങ്ങളും സെന്റ്പീറ്റേഴ്സ് ചത്വരം വലംവച്ച് ബാൻഡ് വാദ്യത്തിന്റെ അകമ്പടിയോടെ പരേഡ് നടത്തുകയും ചെയ്തു. തുടർന്ന് പ്രാദേശികസമയം രാത്രി ഏഴിന് (ഇന്ത്യൻ സമയം രാത്രി 10) കർദിനാൾ സംഘത്തിലെ മുതിർന്നയാളും പ്രോട്ടോഡീക്കനുമായ കർദിനാൾ ഡൊമിനിക് സെന്റ് പീറ്റേഴ്സ്ബസിലിക്കയുടെ മട്ടുപ്പാവിലെത്തി ഹാബേമുസ് പാപ്പാം (നമുക്കൊരു പാപ്പായെ ലഭിച്ചിരിക്കുന്നു) എന്നറിയിച്ച് പുതിയ മാർപാപ്പയുടെ പേരും സ്വീകരിച്ച നാമവും വെളിപ്പെടുത്തി. ഇതോടെ വത്തിക്കാൻ ചത്വരത്തിൽ തിങ്ങിനിറഞ്ഞ ജനലക്ഷങ്ങൾ ആഹ്ലാദാരവം മുഴക്കി. പിന്നാലെ പുതിയ മാർപാപ്പ വിശ്വാസികൾക്കു മുന്നിൽ പ്രത്യക്ഷനായി. ആദ്യസന്ദേശത്തിൽ ലെയോ പതിനാലാമൻ മാർപാപ്പ ലോകസമാധാനത്തിനായി അഭ്യർഥിക്കുകയും ദിവംഗതനായ ഫ്രാൻസിസ് മാർപാപ്പയ്ക്കു വേണ്ടി പ്രാർഥിക്കുകയും ചെയ്തു.

2013ൽ ഫ്രാൻസിസ് മാർപാപ്പ തെരഞ്ഞെടുക്കപ്പെട്ടത് കോൺക്ലേവിന്റെ രണ്ടാം ദിവസത്തെ നാലാം റൗണ്ട് വോട്ടെടുപ്പിലാണ്. അതേസമയം, അദ്ദേഹത്തിന്റെ മുൻഗാമി ബനഡിക്ട് പതിനാറാമൻ 2005 ഏപ്രിലിൽ ന ടന്ന കോൺക്ലേവിന്റെ രണ്ടാം ദിവസത്തെ മൂന്നാം റൗണ്ട് വോട്ടെടുപ്പിലും തെരഞ്ഞെടുക്കപ്പെട്ടു. 1978ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ തെരഞ്ഞെടുക്കപ്പെട്ടത് കോൺക്ലേവിന്റെ മൂന്നാംദിനം നടന്ന എട്ടാം റൗണ്ട് വോട്ടെടുപ്പിലാണ്.

1955 സെപ്റ്റംബർ 14ന് ഷിക്കാഗോയിൽ ജനിച്ച കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് 1977ൽ അഗസ്റ്റീനിയൻ സന്യാസസഭയിൽ ചേർന്നു. 1982ലായിരുന്നു പൗരോഹിത്യം. തുടർന്ന് വില്ലനോവ യൂണിവേഴ്സിറ്റിയിൽനിന്ന് ഗണിതശാസ്ത്രത്തിൽ

ബിരുദവും ഡിവിനിറ്റിയിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. റോമിലെ സെന്റ് തോമസ് അക്വീനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് കാനോനിക നിയമത്തിൽ ലൈസൻഷ്യേറ്റും ഡോക്ടറേറ്റും നേടിയിട്ടുണ്ട്. ലാറ്റിനമേരിക്കൻ രാജ്യമായ പെറുവിൽ അഗസ്റ്റീനിയൻ സഭയുടെ മിഷനറി പ്രവർത്തനങ്ങളിൽ ഏറെക്കാലം സേവനമനുഷ്ഠിച്ച അദ്ദേ ഹം സഭയുടെ മിഡ്വെസ്റ്റ് പ്രോവിൻസിന്റെ പ്രൊവിൻഷ്യലായും പിന്നീട് സഭയുടെ പ്രിയോർ ജനറലായും പ്രവർത്തിച്ചു. 2014ൽ പെറുവിലെ സഭാർ രൂപതയുടെ മെത്രാനായും ചിക്ലായോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും നിയമിതനായി.

**ആകാംക്ഷ ആഹ്ലാദാരവമായി**

കോൺക്ലേവിന്റെ രണ്ടാംദിനത്തിലെ ആദ്യ വോട്ടെടുപ്പിൽത്തന്നെ പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കുമെന്ന പ്രതീക്ഷയിൽ ഒരു ലക്ഷത്തിലേറെ വിശ്വാസികളാണ് സെന്റ്പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചു കൂടിയത്. എന്നാൽ, ഉച്ചയ്ക്കുമുമ്പു നടന്ന രണ്ട് റൗണ്ട് വോട്ടെടുപ്പുകളിലും ആർക്കും ഭൂരിപക്ഷമില്ലെന്നു വ്യക്തമാക്കി. വത്തിക്കാൻ സമയം 08.05.2025 ഉച്ചയ്ക്ക് 11.51 ന് (ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3.21) ചിമ്മിനിയിൽ നിന്നു കറുത്ത പുക ഉയർന്നതോടെ വീണ്ടും ആകാംക്ഷയായി. പിന്നീട് ഉച്ചകഴിഞ്ഞു നടന്ന മൂന്നാംഘട്ട വോട്ടെടുപ്പിലാണ് ലോകം കാത്തിരുന്ന തീരുമാനമുണ്ടായത്. ചിമ്മിനിയിൽ നിന്നു വെള്ളപ്പുക ഉയർന്നതോടെ നിമിഷനേരംകൊണ്ട് സെന്റ്പീറ്റേഴ്സ് ചത്വരവും സമീപത്തെ പ്രധാന വീഥിയും ജനനിബിഡമായി.

250ലധികം അംഗങ്ങളുള്ള കർദിനാൾ സംഘത്തിലെ 80 വയസിൽ താഴെയുള്ള 135 പേർക്കു വോട്ടവകാശം ഉണ്ടെങ്കിലും സ്പെയിനിൽ നിന്നുള്ള കർദിനാൾ അന്റോണിയോ കനിസരസും കെനിയയിൽനിന്നുള്ള കർദിനാൾ ജോൺഞ്ഞുയെയും ആരോഗ്യകാരണങ്ങളാൽ പിന്മാറിയതിനാൽ 133 പേരാണ് കോൺക്ലേവിൽ പങ്കെടുത്തത്.

**ഒന്നാം ലോകത്തിൽ ജനിച്ച്, മൂന്നാം ലോകത്തിൽ പ്രവർത്തിച്ച്, സാർവത്രിക സഭയുടെ തലപ്പത്തേക്ക്**

ഒന്നാം ലോകത്തിൽ ജനിച്ച് മുന്നാം ലോകത്തിൽ പ്രവർത്തിച്ച് സാർവത്രികസഭയുടെ തലവനായി അവരോധിതനാകുന്ന ലെയോ പതിനാലാമൻ പാപ്പാ ഒരു ദിശമാറ്റത്തിന്റെ സൂചനയാണു തരുന്നത് പ്രേഷിത പ്രവർത്തനമില്ലാത്ത സഭ നി ർജീവമാകുമെന്ന് ഫ്രാൻസിസ് പാപ്പാ പലപ്പോഴും ഓർമിപ്പിച്ചിരുന്നു പ്രേഷിതപ്രവർത്തനത്തിലുള്ള ഔത്സുക്യവും തീക്ഷണതയും കുറഞ്ഞതാണ് ഒന്നാം ലോകരാജ്യങ്ങളിൽ സഭ ദുർബലമാകാൻ കാരണമെന്ന് പല നിരീക്ഷകരും ചൂണ്ടിക്കാണിച്ചിട്ടു ണ്ട്.

റോമിലെ വിവിധ സഭാ ശുശ്രൂഷകളിൽ വ്യാപൃതരായവർ താന്താങ്ങളുടെ രൂപതകളിലേക്കു മടങ്ങാനും തദ്ദേശീയ സഭകളെ കെട്ടിപ്പടുക്കാനും ഫ്രാൻസിസ് പാപ്പാ നിർദേശിച്ചിരുന്നു. ഏതായാലും സഭയുടെ ഏറ്റവും സാധാരണക്കാരായ അംഗങ്ങളുടെ വികാരവിചാരങ്ങൾ അറിയുന്ന ആളാണ് പുതിയ പാപ്പാ. സുവിശേഷം പങ്കുവയ്ക്കു

ന്നതിന്റെ ആനന്ദം അനുഭവിച്ചിരുന്ന വ്യക്തി. അദ്ദേഹത്തിന്റെ പുതിയ നയങ്ങൾ ഈ കാഴ്ചപ്പാടോടെ ആയിരിക്കും എന്നതിൽ സംശയമില്ല.

പെറുവിൽ 20 വർഷക്കാലം പ്രവർത്തിച്ച അദ്ദേഹത്തിന് ഏറ്റവും പാവപ്പെട്ട ആളുകളുടെ ജീവിതസാഹചര്യങ്ങൾ മനഃപാഠ മാണെന്ന് അമേരിക്കൻ ജസ്വീറ്റായ തോമസ് റീസ് ദീപികയോട് പ്രതികരിച്ചു.

പെറുവിലെപ്പോലെ ലോകത്തിന്റെ വിളുമ്പുകളിൽനിന്നുള്ള ഒരു വ്യക്തിയെന്ന നിലയിൽ ഫ്രാൻസിസ് മാർപാപ്പ നിയമിച്ച മറ്റ് കർദിനാൾമാർ തങ്ങളിലൊരാളായി അദ്ദേഹത്തെ കണ്ടു എന്നുവേണം മനസിലാക്കാൻ. സഭയുടെ അച്ചുതണ്ട് വികസിതരാജ്യങ്ങളിൽനിന്ന് ദക്ഷിണ രാജ്യങ്ങളിലേക്ക് മാറുന്നതിന്റെ സൂചനയായി ഈ തെരഞ്ഞെടുപ്പിനെ കാണാമെന്നും ഫാ. തോമസ് റീസ് പറഞ്ഞു.

'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്നുദ്ഘോഷിച്ച ലെയോ പതിമൂന്നാമന്റെ പിൻഗാമിയായി ലെയോ പതിനാലാമൻ വരുമ്പോൾ അത് സഭാജീവിതത്തിൽ പുതിയൊരു വസന്തത്തിന്റെ തുടക്കമാകും എന്നു പ്രത്യാശിക്കാം.

ദൃഢനിശ്ചയവും പ്രത്യാശയും ആത്മവിശ്വാസവും സ്ഫുരിക്കുന്ന മുഖഭാവത്തോടെ അദ്ദേഹം ജനസഹസ്രങ്ങളെ അഭിവാദ്യം ചെയ്യുകയും ഉത്ഥിതനായ കർത്താവിന്റെ സമാധാനം ആശംസിക്കുകയും ചെയ്തപ്പോൾ അജഗണങ്ങളെ നയിക്കാൻ വലിയ മുക്കുവന്റെ യോഗ്യനായ പിൻഗാമിയാണ് അദ്ദേഹമെന്ന് ഏവർക്കും അനുഭവേദ്യമായി.

**കേരളം കണ്ട മാർപാപ്പ**

ആഗോള കത്തോലിക്കാ സഭയുടെ പുതിയ മാർപാപ്പ ലെയോ പതിനാലാമൻ നേരത്തെ കേരളത്തിൽ സന്ദർശനം നടത്തി. അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിന്റെ (ഒ എസ് എ) സുപ്പീരിയർ ജനറൽ ആയിരുന്ന ഘട്ടത്തിലാണ് അദ്ദേഹം കേരളത്തിൽ സന്ദർശനം നടത്തിയത്.

കൊച്ചി കലൂർ സെന്റ് ഫ്രാൻസിസ് അസീസി പള്ളിയിൽ 2004 ഏപ്രിൽ 22ന് അദ്ദേഹം എത്തിയിരുന്നു. അന്ന് അഗസ്റ്റീനിയൻ സന്യാസ സഭയിലെ നവ വൈദികരുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനാണ് അദ്ദേഹം എത്തിയത്.കൊച്ചിയിലെ അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിന്റെ സെമിനാരിയിലും അദ്ദേഹം ഏതാനും ദിവസം താമസിച്ചിട്ടുണ്ട്.

അഗസ്റ്റിൻ സഭയുടെ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിലും പള്ളികളിലും പുതിയ പാപ്പാ നേരത്തെ വിശുദ്ധകുർബാനയർപ്പിച്ചു. പുതിയ പാപ്പായുടെ കേരള സന്ദർശനത്തിന്റെ ഓർമകളിൽ അഭിമാനം കൊള്ളുകയാണ് അഗസ്റ്റീനിയൻ സന്യാസ സമൂഹവും കേരള കത്തോലിക്കാസഭയും.

**ജീവിതരേഖ**

അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ, അഗസ്റ്റീനിയൻ സന്യാസ സഭാംഗമായ ആദ്യത്തെ മാർപാപ്പ, മിഷനറിയായ മാർപാപ്പ തുടങ്ങി നിരവധി സവിശേഷതകളുമായാണ് ലെയോ പതിനാലാമൻ സാർവത്രികസഭയുടെ 267-ാമത് തലവനായും റോമിന്റെ മെത്രാനായും സ്വതന്ത്രരാജ്യമായ വത്തിക്കാന്റെ അധിപനായും ഔദ്യോഗികമായി ചുമതല യേൽക്കുന്നത്. അമേരിക്കയിലാണു ജനിച്ചുവളർന്നതെങ്കിലും ലാറ്റിനമേരിക്കൻ രാജ്യമായ പെറുവിലായിരുന്നു 69 കാരനായ ലെയോ പതിനാലാമന്റെ കർമ മണ്ഡലം. അവിടെ മിഷനറി വൈദികനായും ബിഷപ്പായും പാവങ്ങൾക്കൊപ്പം രണ്ടു പതിറ്റാണ്ടോളം ശുശ്രൂഷ ചെയ്തശേഷമാണ് സാർവത്രികസഭയുടെ പരമാചാര്യ പദവിയിലേക്ക് എത്തുന്നത്.

ജനനം: 1955 സെപ്റ്റംബർ 14, ഷിക്കാഗോ

മാതാപിതാക്കൾ: ഫ്രഞ്ച്-ഇറ്റാലിയൻ വംശജനായ ലൂയിസ് മാരിയസ് പ്രെവോസ്റ്റും സ്പാനിഷ് വംശജയായ മിൽഡ്രഡ് മാർട്ടിനസും. പിതാവ് ലൂയിസ് മാരിയസ് രണ്ടാം ലോകമഹായുദ്ധകാലത്ത് നാവികസേനയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമ്മ ലൈബ്രേറിയനായിരുന്നു.

സഹോദരങ്ങൾ: ലൂയിസ് മാർട്ടിൻ, ജോൺ ജോസഫ്.

വിദ്യാഭ്യാസ യോഗ്യത: മാത്തമാറ്റിക്സിൽ ബിരുദം, തത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം, കാനൻ നിയമത്തിൽ ഡോക്ടറേറ്റ്

അഗസ്റ്റീനിയൻ സന്യാസസഭയിൽ ചേർന്ന വർഷം: 1977

പ്രഥമ വ്രതവാഗ്ദാനം : 1978 സെപ്റ്റംബർ 2

നിത്യവ്രത വാഗ്ദാനം: 1981 ഓഗസ്റ്റ് 29

പൗരോഹിത്യ സ്വീകരണം: 1982 ജൂൺ 19

പെറുവിൽ മിഷനറി: 1985 മുതൽ

അഗസ്റ്റീനിയൻ സഭയുടെ ഷിക്കാഗോ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ: 1999

അഗസ്റ്റീനിയൻ സഭയുടെ പ്രിയോർ ജനറാൾ: 2001-2013

പെറുവിലെ ചിക്ലായോ രൂപതയുടെ ബിഷപ്പായി നിയമനം : 2015 സെപ്റ്റംബർ 26

വത്തിക്കാനിൽ വൈദികർക്കായുള്ള വിഭാഗത്തിൽ അംഗമായി നിയമനം: 2019 ജൂലൈ 13

പെറുവിലെ കാല്ലാവോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ: 2020 ഏപ്രിൽ 15

ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ വിഭാഗത്തിൽ അംഗമായി നിയമനം: 2020 നവംബർ 21

ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ വിഭാഗത്തിന്റെ തലവനായും ലാറ്റിനമേരിക്കയ്ക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും ആർച്ച്ബിഷപ് പദവിയോടെ നിയമനം : 2023 ജനുവരി 30

കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്: 2023 സെപ്റ്റംബർ 30

മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടത് 2025 മേയ് 8

(കടപ്പാട്, ദീപിക)

## *വിശുദ്ധരുടെ പാതയിലൂടെ*

# വിശുദ്ധ മറിയം ത്രേസ്യ

ഇന്ത്യയിലെ ഏറ്റം തെക്കുഭാഗത്ത് ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന കേരളം സ്ഥിതിചെയ്യുന്നു. കേരളത്തിലെ തൃശ്ശൂരിൽ ഇന്ന് ഇരിങ്ങാലക്കുട രൂപതയിൽ പുത്തൻചിറ ഗ്രാമത്തിൽ ചിറമ്മൽ മങ്കുടിയാൻ കുടുംബത്തിൽ കുഞ്ഞിത്തൊമ്മന്റെയും താണ്ടമ്മയുടെയും മകളായി മറിയം ത്രേസ്യ 1876 ഏപ്രിൽ 26-ാം തിയതി ജനിച്ചു. ത്രേസ്യായുടെ വല്യപ്പൻ തന്റെ ഏഴു പെൺമക്കളെ വിവാഹം കഴിപ്പിച്ച് പറഞ്ഞയക്കാൻ വേണ്ടി തന്റെ ഭൂസ്വത്തുക്കൾ വിൽക്കാൻ നിർബന്ധിതനായിരുന്നു. അങ്ങനെ സാമ്പത്തിക ഞെരുക്കത്തിലായ കുഞ്ഞിത്തൊമ്മനും മൂത്തമകനും മദ്യപാനം ശീലമാക്കി. അതുകൊണ്ട് പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞുകൂടിയ കുഞ്ഞിത്തൊമ്മന് മകൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാൻ പോലും കഴിഞ്ഞില്ല. കഷ്ടിച്ച് എഴുതാനും വായിക്കാനുമവൾ പഠിച്ചു.

അഞ്ചു മക്കളിൽ മൂന്നാമത്തെ കുട്ടിയായ ത്രേസ്യായുടെ സ്വഭാവ രൂപീകരണത്തിന് പ്രധാന പങ്കുവഹിച്ചത് അവളുടെ അമ്മ തന്നെയായിരുന്നു. അഞ്ചാമത്തെ വയസ്സുമുതൽ ഉപവാസം അനുഷ്ഠിച്ചു തുടങ്ങിയ ത്രേസ്യാ ചെറുപ്പംമുതലെ പുണ്യവതിയെന്ന പേരു സമ്പാദിച്ചു. പത്തുവയസ്സുള്ളപ്പോൾ തന്നെ അവൾ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചു. കുർബാന സ്വീകരണത്തിന് പന്ത്രണ്ടു വയസ്സെങ്കിലും വേണമെന്ന അന്നത്തെ നിയമത്തിന് ഇതൊരു അപവാദവും വിട്ടുവീഴ്ചയുമായിരുന്നു. അവളുടെ പന്ത്രണ്ടാം വയസ്സിൽ അമ്മ നഷ്ടപ്പെട്ടു. പിന്നെ അനുജത്തി ഇട്ട്യാന്നത്തോടൊപ്പം പ്രാർത്ഥനാ ജീവിതം നയിച്ചു. കൂട്ടുകാരികളോടൊപ്പം ഇടവകപള്ളി വൃത്തിയാക്കുന്നതിലും അൾത്താര അലങ്കരിക്കു ന്നതിലും അവർ സജീവമായി പ്രവർത്തിച്ചു.

പത്തൊമ്പതാമത്തെ വയസ്സിൽ ഏതെങ്കിലും കന്യാമഠത്തിൽ ചേർന്ന് സന്യാസജീവിതം നയിക്കാൻ അവൾ ആഗ്രഹിച്ചെങ്കിലും ഒരു ചെറിയ തുകപോലും പത്രമേനിയായി കൊടുക്കാൻ കഴിയാത്തതിനാൽ അതൊന്നും നടന്നില്ല. കാട്ടിൽപ്പോയി തപസ്സുചെയ്യാ മെന്ന് വിചാരിച്ച് അവൾ മൂന്നുദിവസം അടുത്തുള്ള ഒരു കാട്ടിൽ പോയി ഇലകളും വെള്ളവും മാത്രം കഴിച്ചു കഴിഞ്ഞുകൂടി. ഇതറിഞ്ഞ കുടുംബക്കാർ അവളെ വളരെയേറെ ശകാരിച്ചു.

അതിനുശേഷം ഒരു മഠത്തിൽച്ചെന്ന് അവിടെ ഒരു ജോലിക്കാരിയായി തന്നെ സ്വീകരിക്കാമോയെന്ന് അന്വേഷിച്ചു. അവർ സന്യാസിനിയായിട്ടു സ്വീകരിക്കാൻ തയ്യാറായിരുന്നുവെങ്കിലും അവിടെയും പത്രമേനി ഒരു തടസ്സ മായി. 150 രൂപ പോലും കൊടുക്കാൻ അവൾക്കില്ലായിരുന്നു. വനത്തിൽപ്പോയി തപസ്സിരിക്കാൻ ശ്രമിച്ചെങ്കിലും അതു വീണ്ടും തടസ്സപ്പെട്ടു. അങ്ങനെ

പത്തുവർഷം വീട്ടിൽത്തന്നെ കഴിഞ്ഞുകൂടി. ദിവസവും ദിവ്യബലിയിൽ സംബന്ധിച്ചും ക്രിസ്തുനാഥന്റെ പീഡാനുഭവത്തെക്കുറിച്ചു ധ്യാനിച്ചും രോഗികളെയും ദരിദ്രരെയും സന്ദർശിച്ചും ആശ്വസിപ്പിച്ചും അവൾ പ്രവർത്തന നിരതയായി.

1906 ഫെബ്രുവരി 10-ാം തിയതി ഗാഗുൽത്തായിലേക്ക് കുരിശുമേന്തിപ്പോകുന്ന രീതിയിൽ കർത്താവ് അവൾക്ക് പ്രത്യക്ഷപ്പെട്ടു. തലയിൽ മുൾമുടി ചൂടിയിരുന്നു. ശരീരമാകെ ചാട്ടവാർക്കൊണ്ട് അടിയേറ്റ മുറിപ്പാടുകൾ. മുറിവുകളിൽ നിന്ന് രക്തം വാർന്നൊലിച്ചു കൊണ്ടിരുന്നു.

“കർത്താവേ ആ കുരിശ് എനിക്കു തരിക. ഞാൻ ചുമന്നു കൊള്ളാം” അവൾ നില വിളിച്ചു പറഞ്ഞു. ‘നിനക്ക് അതു ചുമക്കാൻ കഴിയുമോ? പരാതി കൂടാതെ ഈ ഭാരം വഹിക്കാൻ നിനക്കു സമ്മതമാണോ‘ യേശു ചോദിച്ചു.

‘‘നാഥാ, ഈ ഭാരം ഞാൻ വഹിച്ചുകൊള്ളാം. എനിക്കു പൂർണ്ണ സമ്മതമാണ്” അവൾ മറുപടി പറഞ്ഞു.

പിന്നീട് അവൾക്ക് അനുഭവപ്പെട്ടത് പീഡാനുഭവത്തിന്റെ വേദനകളാണ്. ഹൃദയം രണ്ടായിപ്പിളരുന്നതായി അവൾക്കു തോന്നി. ഒരു മാലാഖ വന്ന് ഇടത്തെ മാറിൽ കുന്തം കൊണ്ടു കുത്തി മുറിവേൽപ്പിക്കുന്നതായി അവൾക്ക് അനുഭവപ്പെട്ടു. ശരീരമാസകലം രക്ത ത്തിൽ കുളിച്ചു. അന്ന് ഉച്ചകഴിഞ്ഞപ്പോൾ വേദന വീണ്ടും വർദ്ധിച്ചു. ഉള്ളം കൈകളിലും കാല്പത്തികളിലും ആരോ ആണിയടിച്ചു കയറ്റിയ മുറിപാടുകൾ കാണപ്പെട്ടു.

ഫെബ്രുവരി 19-ാം തിയതി അവളുടെ വേദന കണ്ട് സഹിക്കാൻ കഴിയാതെ കുടും ബാംഗങ്ങൾ പരിഭ്രമിച്ചു. അവർ ഇടവക വികാരിയുടെ അടുത്തേക്ക് ഓടി. വികാരിയും ശുശ്രൂഷകനും ഓടിയെത്തി. അവളുടെ കൈകാലുകൾ ചുവരിനോടു ചേർന്ന് ആണിയടി ച്ചതുപോലെ അവർക്കു തോന്നി. പാദങ്ങൾ നിലത്തു സ്പർശിച്ചിരുന്നില്ല. മുറിവുകളിൽ നിന്ന് രക്തം ഒഴുകിക്കൊണ്ടിരുന്നു. അവിടെ വന്നു കൂടിയ ജനങ്ങൾ ഈ ദാരുണ രംഗം കണ്ടു ഭയന്നു. അവർ ഭിത്തിയിൽ നിന്ന് അവളുടെ കൈകാലുകൾ ബലമായി പറിച്ചെടുത്ത് കട്ടിലിൽക്കിടത്തി.

പിന്നീട് വെള്ളിയാഴ്ചകളിൽ മൂന്നുമണിക്ക് ഈ വേദന അവൾക്ക് പതിവായി. കാലുകൾ നിലത്തു തൊടാതെ കാല്പത്തികൾ ഒന്നിനു മുകളിൽ മറ്റേ കാൽപത്തി ചേർത്തു വച്ച് ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നതായി പലപ്പോഴും കാണപ്പെട്ടിരുന്നു. അപ്പോൾ രക്തം മുറിവുകളിൽ നിന്ന് വാർന്നൊലിച്ചു കൊണ്ടിരിക്കും. ഈ വേദന ശനിയാഴ്ച രാവിലെ വരെ തുടരും. 1906 ഒക്ടോബർ 24-ാം തിയതി വെള്ളിയാഴ്ച രണ്ടു മാലാഖമാർ കർത്താവിന്റെ മുൾമുടി ത്രേസ്യായുടെ ശിരസ്സിൽ വച്ചു അമർത്തി. രക്തം ചിന്നിചിതറി. വേദനയിൽ പുളഞ്ഞ് ത്രേസ്യായുടെ കണ്ണുകൾ അടഞ്ഞു.

അക്കാലയളവിൽ ത്രേസ്യാ നിരവധി പൈശാചിക പരീക്ഷണങ്ങളാൽ പീഡിപ്പിക്കപ്പെട്ടു. പിതാവിന്റെയും സഹോദരന്റെയും മദ്യപാനം നിമിത്തം സ്വൈര്യതയും സമാധാനവും നഷ്ടപ്പെട്ട വീട്ടിൽ നിന്ന് വേറെ എവിടെയെങ്കിലും

പോയി ജീവിക്കാമെന്ന് അവൾ ആഗ്രഹിച്ചു. എല്ലാ വിവരങ്ങളും അന്വേഷിച്ച റിഞ്ഞ സ്ഥലത്തെ മെത്രാൻ മാർ ജോൺ മേനാച്ചേരി അവളെ ഒല്ലൂർ മഠത്തിലേക്ക് അയച്ചു. അക്കാലത്ത് ഒല്ലൂർ കർമ്മലീത്താ മഠത്തിലെ ഗുരുനാഥ വി. ഏവുപ്രാസിയ ആയിരുന്നു. അവിടെയും പൈശാചിക പരീക്ഷകളും വെള്ളിയാഴ്ചത്തെ പീഡാനുഭവ വേദനയും അവളെ പിന്തുടർന്നു. ത്രേസ്യാ യുടെ അഭാവം പുത്തൻചിറ ഇടവകയിലെ ജനങ്ങളെ ദുഃഖിതരാക്കി. രോഗികൾക്കും അവളുടെ ശുശ്രൂഷ ലഭിക്കാത്ത അവസ്ഥയുണ്ടായി. അതുകൊണ്ട് ജനങ്ങളുടെ ആഗ്രഹപ്രകാരം അഭിവന്ദ്യനായ മെത്രാനച്ചൻ ത്രേസ്യയെ തിരിച്ചയച്ചു.

ഈ സാഹചര്യത്തിൽ ത്രേസ്യാക്ക് സ്വന്തമായ ഒരു വീട് വേണമെന്ന് എല്ലാവർക്കും ബോധ്യമായി. വീടു പണിയാനുള്ള സ്ഥലം മാളിയേക്കൽ കൂനൻകുഞ്ഞ് വറീത് ഇട്ടൂപ്പ് സൗജന്യമായി കൊടുത്തു. ഇടവക വികാരിയും ജനങ്ങളും ഉദാരമായി സഹകരിച്ചു. എന്നിട്ടും കാശു തികയാതെ വന്നപ്പോൾ ത്രേസ്യായും ഒരു കൂട്ടുകാരിയും കൂടെ നാട്ടിലിറങ്ങി സഹായം തേടി. 1913 ഒക്ടോബർ 7-ാം തിയതി പലരുടെയും സഹായത്തോടെ പണിതീർന്ന ഇരുനില കെട്ടിടം മെത്രാൻ മാർ ജോൺ മേനാച്ചേരി ആശീർവ്വദിച്ചു. അന്നു മുതൽ ത്രേസ്യാ സുഹൃത്തുക്കളായ മൂന്നു സഹോദരിമാരോടൊപ്പം പുത്തൻചിറയിലെ ആ ഭവനത്തിൽ താമസമാക്കി. അവർ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങി. ഒപ്പം തപസ്സും പ്രായശ്ചിത്തവുമായി പ്രാർത്ഥനാജീവിതവും.

ത്രേസ്യായുടെ ആദ്ധ്യാത്മിക പിതാവ് ഫാദർ ജോസഫ് വിതയത്തി ലിന്റെയും മാർ ജോൺ മേനാച്ചേരിയുടെയും അനുവാദത്തോടെ പുത്തൻ ചിറയിലെ ഭവനം തിരുകുടുംബ സന്യാസസഭയുടെ ആദ്യത്തെ മഠമായി ത്തീർന്നു. 1914 മെയ് 14-ന് പുത്തൻചിറയിലെ ഇട വക ദൈവാലയത്തിൽ വച്ച് മാർ ജോൺ മേനാച്ചേരി ഈ സഭ ഔദ്യോഗികമായി സ്ഥാപിച്ച് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. അന്ന് തന്നെ മേനാച്ചേരി മെത്രാനച്ചൻ ത്രേസ്യാക്ക് സഭാ വസ്ത്രം നൽകി 'മറിയം ത്രേസ്യ' എന്ന പുതിയ പേരും കൊടുത്തു. മറിയം ത്രേസ്യയെ മാർ ജോൺ മേനാച്ചേരി മഠാധിപയായി നിയമിച്ചു. മൂന്നു സഹോദ രികൾ അർത്ഥിനികളായി ആ മഠത്തിൽ ചേർന്നു. തിരുക്കുടുംബസഭയുടെ നിയമാവലിയിൽ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും തപശ്ചര്യകൾക്കും പുറമേ അനാഥസംരക്ഷണം, രോഗീ ശുശ്രൂഷ മുതലായ ജീവകാരുണ്യ പ്രവർത്തന ങ്ങൾക്കും അംഗങ്ങൾക്ക് കടമയുണ്ടായിരുന്നു.

പുത്തൻചിറ മഠത്തിൽ അർത്ഥിനികൾ വർദ്ധിച്ചപ്പോൾ കുഴിക്കാട്ടുശ്ശേരി യിൽ അമ്പൂക്കൻ വലിയ യോഹന്നാൻ ദാനമായി കൊടുത്ത എട്ടേക്കർ സ്ഥലത്ത് ഒരു ശാഖാമഠം സ്ഥാപിക്കാൻ തീരുമാനമായി. അതിന്റെ പണിയ് ക്കായി മറിയം ത്രേസ്യായും കൂട്ടുകാരി കളും നാട്ടിലിറങ്ങി സംഭവനകൾ സ്വീകരിച്ചു തുടങ്ങി. അതിനിടെ കൊച്ചിരാജാവിനെ കാണാൻ അവർ തൃപ്പൂണിത്തുറ രാജകൊട്ടാരത്തിലെത്തി. രാജാവ് സുഖമില്ലാതെ കിട

ക്കുകയായിരുന്നു. മറിയം ത്രേസ്യായും കൂട്ടുകാരും രാജ്ഞിയെ കണ്ട് അവരുടെ ആവശ്യങ്ങൾ പറഞ്ഞു. പല വൈദ്യന്മാർ ചികിത്സിച്ചിട്ടും രാജാവിന്റെ രോഗം ഭേദമാകാത്തതുകൊണ്ട് വിഷാദിച്ചിരുന്ന രാജ്ഞിയോട് മറിയം ത്രേസ്യാ പറഞ്ഞു. "ഞാൻ ഒരു മരുന്ന് ഉണ്ടാക്കിത്തരാം ഒന്നു പരീക്ഷിച്ചു നോക്കാമോ?" രാജ്ഞി സമ്മതിച്ചു. മറിയം ത്രേസ്യാ തൊടിയിലിറങ്ങി ഏതാനും പച്ചിലകൾ പറിച്ച് തിരുമ്മി കുഴമ്പാക്കിക്കൊടുത്തു. അതു വാങ്ങി ശുശ്രൂഷികർ രാജാവിന്റെ പുറത്തുണ്ടായിരുന്ന കുരുക്കളിൽ പുരട്ടി. മറിയം ത്രേസ്യായും കൂട്ടരും രാജാവിനുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിച്ചു. ഏതാനും ദിവസം കൊണ്ട് രാജാവു സുഖം പ്രാപിച്ചു. സംഭവിച്ചതെല്ലാം അറിഞ്ഞ രാജാവ് മറിയം ത്രേസ്യായെ വിളിച്ചുവരുത്തി നന്ദി പറയുകയും 80 കണ്ടി തേക്കുതടി മഠം പണിയാൻ കല്പിച്ച് അനുവദിക്കുകയും ചെയ്തു. അക്കാലത്ത് ഇരുപതു വയസ്സായ ഒരു പെൺകുട്ടി അതികഠിനമായ വാതരോഗം ബാധിച്ച് അവയവങ്ങൾ അനക്കാൻ പോലും കഴിയാതെ കിടപ്പിലായിരുന്നു. മറിയം ത്രേസ്യാ ആ കുട്ടിക്കുവേണ്ടി കർത്താവിനോട് പ്രാർത്ഥിച്ചു. ആ കുട്ടി വേഗം സുഖം പ്രാപിച്ചു. എന്നാൽ അന്നു തന്നെ മറിയം ത്രേസ്യാ വാതരോഗം ബാധിച്ചു കിടപ്പിലായി. ഇടതുവശം പൂർണ്ണമായി തളർന്നുപോയി. കഠിനമായ വേദനയാൽ ശരീരം അനക്കാൻ പോലും കഴിയാതെവന്നു. മറിയം ത്രേസ്യായെ ശുശ്രൂഷിക്കുകയും എല്ലാ കാര്യങ്ങളും ചെയ്തു കൊടുക്കുകയും ചെയ്തിരുന്നത് അർത്ഥിനികളാണ്.

1926 മെയ് 10-ാം തിയതി തൃശ്ശൂർ മെത്രാൻ മാർ ഫ്രാൻസീസ് വാഴപ്പിള്ളി കുഴിക്കാട്ടുശ്ശേരിയിലെ മഠം വെഞ്ചരിക്കുകയും അർത്ഥിനികൾക്ക് സഭാവസ്ത്രം നൽകുകയും ചെയ്തു. അന്ന് അവിടെ തടിച്ചു കൂടിയ ജനങ്ങളുടെ തിരക്കിൽ മദ്ബഹായുടെ അഴിക്കാൽ മറിഞ്ഞുവീഴുകയും അതിൽത്തട്ടി മറിയം ത്രേസ്യായുടെ കാലിൽ മുറിവുണ്ടാകുകയും ചെയ്തു. അതു ക്രമേണ വ്രണമായി. കടുത്ത പ്രമേഹരോഗിയായിരുന്ന മറിയം ത്രേസ്യായെ ചാലക്കുടി ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ഫലമുണ്ടായില്ല. 1926 ജൂൺ 6-ാം തിയതി മറിയം ത്രേസ്യാ അന്ത്യകൂദാശകൾ സ്വീകരിച്ചു. 1926 ജൂൺ 8-ന് കേരള സഭയിൽ വിശുദ്ധിയുടെ പരിമണം പരത്തി ആ പൂജാപുഷ്പം കുഴിക്കാട്ടുശ്ശേരിയിൽ ഞെട്ടറ്റുവീണു.ഈ വിശുദ്ധയുടെ മാധ്യസ്ഥ്യം ഇന്നും നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ട് നിറസാന്നിധ്യത്തിൽ നിൽക്കുന്നു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2000 ഏപ്രിൽ 9-ാം തിയതി മറിയം ത്രേസ്യായെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽപ്പെടുത്തി. 2019 ഒക്ടോബർ 13-ാം തിയതി ഫ്രാൻസീസ് മാർപ്പാപ്പ മറിയം ത്രേസ്യായെ റോമായിൽ വിശുദ്ധയായി പ്രഖ്യാപിച്ചു.

വിചിന്തനം: "സ്വന്തം കുരിശു വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല" (ലൂക്കാ 14:27).

# ബൈബിൾ ക്വിസ്സ്




09

**ലോഗോസ് ക്വിസ് 25 സെപ്റ്റംബർ 28, 2025 (രജിസ്ട്രേഷൻ) – ജൂൺ 1, 2025 – ജൂലൈ 31, 2025**

25-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2025 സെപ്റ്റംബർ 28 ന് നടക്കുന്നു. പാഠഭാഗം - ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്ക 17-24, എഫേസോസ് 1-6. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബബിൾ ക്വിസ് 9 ചോദ്യങ്ങൾ

### പ്രഭാഷകൻ 44–47 അദ്ധ്യായങ്ങൾ

1 കർത്താവിനെ പ്രീതിപ്പെടുത്തിയ അവൻ ഉന്നതത്തിലേക്കു സംവഹിക്കപ്പെട്ടു. ഇത് ആരെക്കുറിച്ചുള്ള പരാമർശമാണ് ?
2. യാക്കോബിന്റെ സന്തതികളിൽ നിന്ന് കാരുണ്യവാനായ ഒരുവനെ കർത്താവ് ഉയർത്തി.. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്ക് അവൻ പാത്രമായി. അവൻ ആര് ?
3. വിനാശത്തിന്റെ നാളിൽ ഒഴിവാക്കപ്പെട്ട മുള എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ് ?
4. മഹത്വത്തിൽ അവനു സമനായി ആരുമില്ല. പരീക്ഷിക്കപ്പെട്ടപ്പോൾ അവൻ വിശ്വസ്തത തെളിയിച്ചു. ആരാണവൻ?
5. ............ ഉം ........... ഉം കൊണ്ട് അവിടുന്ന് മോശയെ വിശുദ്ധീകരിച്ചു.
6. കാൽച്ചട്ടയും നീണ്ട അങ്കിയും എഫോദും അവിടുന്ന് നൽകിയത് ആർക്ക്?
7. നൂനിന്റെ പുത്രൻ ..........പ്രവാചകൻമാരിൽ മോശയുടെ പിൻഗാമിയും യുദ്ധവീരനും ആയിരുന്നു.
8. കർത്താവ്..... ശക്തികൊടുക്കുകയും അത് വാർദ്ധക്യം വരെ നിലനിൽക്കുകയും ചെയ്തു.
9. കർത്താവിനു പ്രിയങ്കരനും അവിടുത്തെ പ്രവാചകനുമായ ........... രാജ്യം സ്ഥാപിക്കുകയും ജനത്തിന് അധികാരികളെ അഭിഷേചിക്കുകയും ചെയ്തു.
10. സാമുവലിനുശേഷം ദാവീദിന്റെ നാളുകളിൽ പ്രവചനം നടത്തിയ പ്രവാചകൻ ആര് ?
11. യൗവനത്തിൽ ദാവീദ് കവിണ ഉപയോഗിച്ച് ആരെയാണ് വധിച്ചത് ?
12. അവിടുന്ന് അവന് രാജത്വവും ഇസ്രായേലിൽ മഹത്വത്തിന്റെ സിംഹാസനവും ഉടമ്പടി വഴി നൽകി. ആർക്ക് ?

13. ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ നാമത്തിൽ ............പോലെ സ്വർണ്ണവും............പോലെ വെള്ളിയും നീ ശേഖരിച്ചു.
14. കർത്താവ് ഒരിക്കലും ...... വെടിയുകയോ തന്റെ സൃഷ്ടികൾ നശിക്കാൻ ഇടവരുത്തുകയോ ഇല്ല.
15. വിഡ്ഢിത്തത്തിൽ ഒന്നാമനും വിവേകത്തിൽ ഒടുവിലത്തവനും ആയവന്റെ ഭരണം ജനങ്ങളുടെ കലാപത്തിനു കാരണമായി. അവൻ ആര്?
16. പന്തക്കുസ്ത എന്ന വാക്കിന്റെ അർത്ഥമെന്ത്?
17. 'റൂഹാ' എന്ന ഹീബ്രു പദത്തിന് സമാനമായ ഗ്രീക്കുപദം ഏത് ?
18. മറിയം ത്രേസ്യായെ ഒല്ലൂർ മഠത്തിലേക്കയച്ച മെത്രാൻ ആര് ?
19. മറിയം ത്രേസ്യായെ വിശുദ്ധമായി പ്രഖ്യാപിച്ച മാർപാപ്പ ആര്? തീയതി ഏത്?
20. പുതിയ മാർപാപ്പയുടെ പൗരോഹിത്യ സ്വീകരണ ദിവസം ഏത് ?

## ബൈബിൾ ക്വിസ് – 8 ശരിയുത്തരങ്ങൾ

1. മരണവിധി
2. സത്കീർത്തി
3. സമാധാനത്തിൽ
4. ദൈവഭയമില്ലാത്തവരുടെ സങ്കേതങ്ങളിൽ
5. പാതാളത്തിൽ
6. കർത്താവിന്റെ മഹത്വം
7. ജ്ഞാനം
8. തെക്കൻ കാറ്റ്
9. ചന്ദ്രൻ
10. മേഘഗർജ്ജനം, വടക്കൻ കാറ്റ്, ചുഴലികാറ്റ്
11. അനാദി അനന്തത
12. കീടങ്ങൾ
13. ചെറുപ്പക്കാരുമായി ശണ്ഠ കൂടുമ്പോൾ
14. വചനം
15. മഞ്ഞ്
16. 1955 മെയ് 1, 12-ാം പീയൂസ്
17. ഇസ്രായേൽക്കാർ
18. വിശുദ്ധ ഫ്രാൻസീസ് അസീസി
19. പുഷ്പങ്ങളുടെ
20. ചെസറേ ചീച്ചോണി

## ബൈബിൾ ക്വിസ് – 8

**ആകെ പങ്കെടുത്തവർ 18 ശരിയുത്തരമെഴുതിയവർ 12**

1. മേരിജോർജ്ജ് മണ്ണൂർ
2. ജോർജ്ജ് കുര്യൻ, മെതിപ്പാറായിൽ
3. എമിലിൻ സിബി, മെതിപ്പാറയിൽ
4. വത്സ ജോർജ്ജ്, മെതിപ്പാറയിൽ
5. ജോൺസൺ വി.എം. വെണ്ടർമ്യാലിൽ
6. സുജ ജോൺസൺ, വെണ്ടർമ്യാലിൽ
7. മേരി തോമസ്, നടാംകുഴിയിൽ
8. ലിൻസി ബിജു, ചുണ്ടങ്ങായിൽ
9. തങ്കച്ചൻ, ചേരിയിൽ
10. എലിസബത്ത് ജോൺ, മഞ്ചേരിൽ
11. ജിജി രാജേഷ്, പൊന്നുംപുരയിടം
12. ഷൈനി ബേബി, തെക്കേക്കുന്നേൽ

## ബൈബിൾ ക്വിസ് 8 സമ്മാനാർഹർ

1. ലിൻസി ബിജു, ചുണ്ടങ്ങായിൽ 2.സുജ ജോൺസൺ, വെണ്ടർമ്യാലിൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1 നിർമ്മല മാതാ

* ജോർജ്ജ് പേമലതുണ്ടത്തിൽ
* സിനി പുളിയ്ക്കാശ്ശേരി
* റിതിൻ പുളിയ്ക്കാശ്ശേരി

### വാർഡ് 2 സെന്റ് ജോസഫ്

* ലീല പഞ്ഞിക്കാരൻ
* കുഞ്ചറിയ പഞ്ഞിക്കാരൻ
* ദീപു പുൽത്തകിടിയേൽ
* ഡെയ്സി നടുത്തോട്ടത്തിൽ
* ജിനോയി നടുത്തോട്ടത്തിൽ
* കിരൺ മാങ്കുട്ടത്തിൽ
* റ്റെസി വർങ്ങലകുടി

### വാർഡ് 3 സെന്റ് മേരീസ്

* ജോസ് പിട്ടാപ്പിള്ളിൽ
* ജസ്റ്റിൻ മണ്ണത്തൂക്കാരൻ
* ജോ ചെറായിൽ
* ടോമി തെക്കുപുറത്ത്
* ജോൺസൺ പടിഞ്ഞാക്കര
* ഷാരോൺ പടിഞ്ഞാക്കര
* അലൻ വർങ്ങലക്കുടിയിൽ
* ഏലിക്കുട്ടി വെണ്ടർമ്യാലിൽ
* ത്രേസ്യമ്മ വെണ്ടർമ്യാലിൽ
* ജോസ് വെണ്ടർമ്യാലിൽ
* അനൂപ് വെണ്ടർമ്യാലിൽ
* ലില്ലി മണ്ണത്തൂക്കാരൻ
* ബിനിറ്റ തലയ്ക്കൽ
* നെൽബി വാഴയിൽ
* അമിത് ജെ. മഠത്തിൽ
* കൃപാ മേരി കുടിയാംശ്ശേരിൽ
* ലിൻസ് വയലിൽ

### വാർഡ് 4 ഹോളി ഫാമിലി

* ബിനോജ് തോമ്പ്രക്കുടിയിൽ
* സാന്ദ്ര തോമ്പ്രക്കുടിയിൽ
* ഉലഹന്നാൻ ചെറുപറമ്പിൽ
* സജൻ നടാംകുഴി
* ഡാനിൻ നടാംകുഴി
* വൽസ നെടുംതള്ളിൽ
* ഫ്രാങ്കോ മേക്കാട്ടുകുളം
* ടോമി ചേർക്കോട്ട്
* ആൽഫി രാജീവ് ഞൂഴുമുറിയിൽ
* തെരേസ നെൽസൺ പഴയമ്പിള്ളിൽ

**വാർഡ് 5**
**സെന്റ് ജോർജ്ജ്**

* എമിൽ ആക്കപ്പടിയ്ക്കൽ
* മാത്യു പൂനാട്ട്
* സിന്ധു നെല്ലിപ്പിള്ളിൽ
* അനീറ്റ മെതിപ്പാറയിൽ
* കെവിൻ മെതിപ്പാറയിൽ
* ലിസി തെക്കുംപുറത്ത്

---

**വാർഡ് 6**
**സെന്റ് ഫ്രാൻസിസ്**

* ടിബിൻ ചുണ്ടങ്ങായിൽ
* തങ്കച്ചൻ ചേരിയിൽ
* ജെയ്സൺ ചേരിയിൽ
* ജീവൻ കാരിയ്ക്കപ്പറമ്പിൽ
* എഡ്വിൻ കൊച്ചുപ്ലാക്കിൽ
* എലിസബത്ത് കുളത്തൂർ
* അന്നക്കുട്ടി കാട്ടുകുടിയിൽ
* ഡോണ നെടുംപുറത്ത്
* ലിൻസി തോട്ടത്തിൽ
* മത്തായി തണ്ടുംപുറത്ത്

---

**വാർഡ് 7**
**സെന്റ് പീറ്റേഴ്സ്**

* മേഴ്സി തെക്കേക്കുന്നേൽ
* സിബി അമ്മച്ചിപ്പറമ്പിൽ
* തോമസ് നെടുംങ്ങാട്ട്

---

**വാർഡ് 8**
**സെന്റ് അഗസ്റ്റിൻസ്**

* ജിബി വർങ്ങലക്കുടിയിൽ
* പോൾ മുണ്ടങ്ങാട്ടിൽ
* ലിസി പുത്തൻകുടി
* മിനി നെല്ലിപ്പിള്ളിൽ
* ടിന്റോ നെല്ലിപ്പിള്ളിൽ
* ജിൻസി മുണ്ടങ്ങാട്ടിൽ
* നിമിഷ പുത്തൻകുടിയിൽ
* മഞ്ജു ലിജോ പാത്തംകുളമ്പേൽ
* ലെവിൻ ലിജോ പാത്തംകുളമ്പേൽ

**വാർഡ് 9**
**ഫാത്തിമ മാത**

* ഫിലിപ്പ് കണംകൊമ്പിൽ
* ശാന്തമ്മ കോക്കാട്ട്
* ജോസഫ് താണിമറ്റത്തിൽ
* ആൻസി അരയത്തിനാൽ
* എൽസി കൊറ്റനാടൻ
* ബിബിൻ കാവുംപുറത്ത്
* ഷീന പുതിയാപറമ്പിൽ
* ജിംസി ഊട്ടുകളത്തിൽ
* ജോർജ് നടുക്കുടിയിൽ
* റോസിൻ നടുക്കുടിയിൽ

---

**വാർഡ് 10**
**ക്രിസ്തുരാജ്**

* ജാസ്മിൻ കടപ്ലാക്കൽ
* ഷീബ കാവാട്ട്
* സിനി പാലാക്കാരൻ
* ജോസ് വെളിയപ്പിള്ളിൽ
* നിമ്മി ജോസ് വെളിയപ്പിള്ളിൽ

---

## വിവാഹ വാർഷികം

**വാർഡ് 1**
**നിർമ്മല മാതാ**

- സിബി & സിനി പുള്ക്കാശ്ശേരി

**വാർഡ് 2**
**സെന്റ് ജോസഫ്**

**വാർഡ് 3**
**സെന്റ് മേരീസ്**

- ജോർജ്ജ് & മേരി തെക്കുംപുറത്ത്
- രാജു & മെറിൻ മണ്ണത്തൂക്കാരൻ
- ജയിംസ് & മേഴ്സി നായ്ക്കംപറമ്പിൽ
- ഡോൺ & ടെൽസ തോട്ടത്തിൽ

**വാർഡ് 4**
**ഹോളി ഫാമിലി**

- ടോമി & മിനി ചേർക്കോട്ട്

**വാർഡ് 5**
**സെന്റ് ജോർജ്ജ്**

- ബേബി & മേരി മെതിപ്പാറയിൽ
- പോൾ & അനുജ കളാംപറമ്പിൽ
- റോയി & ഷോളി പൂനാട്ട്

**വാർഡ് 6**
**സെന്റ് ഫ്രാൻസിസ്**

- ജോസഫ്&എൽസി പാലക്കാട്ടുപുത്തൻപുരയിൽ

**വാർഡ് 7**
**സെന്റ് പീറ്റേഴ്സ്**

**വാർഡ് 8**
**സെന്റ് അഗസ്റ്റിൻസ്**

- ബാബു & മിനി പുത്തൻകുടിയിൽ
- ബാബു & ഷൈനി കരിമുണ്ടയ്ക്കൽ

**വാർഡ് 9**
**ഫാത്തിമ മാത**

- ഫിലിപ്പ് & തെയ്യാമ്മ കണംകൊമ്പിൽ
- സജിത്ത് & മരിയ കുറ്റപ്പിള്ളിൽ

**വാർഡ് 10**
**ക്രിസ്തുരാജ്**

- തങ്കച്ചൻ & ലാലി കാക്കരക്കുന്നേൽ
- ചാക്കോ & ലീലാമ്മ മലമ്പുറത്ത്
- ജോസ് & ലിസ്സി വെളിയപ്പിള്ളിൽ

## വാർഡ് പ്രാർത്ഥന ഭവനങ്ങൾ

**വാർഡ് പ്രാർത്ഥനാ വചനഭാഗം. വി. യോഹന്നാൻ 16:5-15**

| വാർഡ് | ഭവനം | തീയതി | ദിവസം | സമയം |
|---|---|---|---|---|
| 1 | സേവ്യർ ഇഞ്ചയ്ക്കപ്പറമ്പിൽ | 07.06.2025 | ഒന്നാം ശനി | 6.30 pm |
| 2 | ഷാജി നടുത്തോട്ടത്തിൽ | 01.06.2025 | ഒന്നാം ഞായർ | 6.30 pm |
| 3 | ആനി വറങ്ങലക്കുടിയിൽ | 08.06.2025 | രണ്ടാം ഞായർ | 6.00 pm |
| 4 | ജിബു നടാംകുഴിയിൽ | 08.06.2025 | രണ്ടാം ഞായർ | 6.45 pm |
| 5 | എബിൻ നെടുഞ്ചാലിൽ | 15.06.2025 | മൂന്നാം ഞായർ | 6.30 pm |
| 6 | സന്തോഷ് കൊച്ചുവീട്ടിൽ | 14.06.2025 | രണ്ടാം ശനി | 6.30 pm |
| 7 | ലൂക്കാ തോട്ടുമാരിക്കൽ | 21.06.2025 | മൂന്നാം ശനി | 6.30 pm |
| 8 | ബാബു പുത്തൻകുടിയിൽ | 22.06.2025 | നാലാം ഞായർ | 6.00 pm |
| 9 | ബെന്നി ആടുകുഴിയിൽ | 22.06.2025 | നാലാം ഞായർ | 6.45 pm |
| 10 | ജോസ് വെളിയപ്പിള്ളിൽ | 28.06.2025 | നാലാം ശനി | 6.30 pm |

# വാർഡ് ഭാരവാഹികൾ 2024 – 25

വാർഡ് 1

പ്രസിഡന്റ്



ജോർജ് പേമലത്തുണ്ടത്തിൽ

സെക്രട്ടറി



ഏലിയാമ്മ പുത്തൻകുടിയിൽ

വാർഡ് 2

പ്രസിഡന്റ്



ജോസ് കാരികുന്നേൽ

സെക്രട്ടറി



ഫെലിക്സ് മാഞ്ഞൂരാൻ

വാർഡ് 3

പ്രസിഡന്റ്



വർഗീസ് വാഴയിൽ

സെക്രട്ടറി



ലിൻസ് വയലിൽ

വാർഡ് 4

പ്രസിഡന്റ്



ജോസ് തലയ്ക്കൽ

സെക്രട്ടറി



ലിസമ്മ തളിയത്ത്

വാർഡ് 5

പ്രസിഡന്റ്



എബിൻ നെടുഞ്ചാലിൽ


സെക്രട്ടറി



സോഫിയ മെതിപ്പാറയിൽ

**വാർഡ് 6**

പ്രസിഡന്റ്



**തോമസ് പൂനാട്ട്**

സെക്രട്ടറി



**സ്വപ്ന കാട്ടുകുടിയിൽ**

**വാർഡ് 7**

പ്രസിഡന്റ്



**ജോസഫ് പുത്തനങ്ങാടി**


സെക്രട്ടറി



**അഞ്ജു പുത്തൻകുടിയിൽ**

**വാർഡ് 8**

പ്രസിഡന്റ്



**ബേബി പുത്തൻകുടിയിൽ**

സെക്രട്ടറി



**രാജി നെല്ലൂർ**

**9**

പ്രസിഡന്റ്



**ഷാബു അരയത്തിനാൽ**


സെക്രട്ടറി



**ജിംസി ഊട്ടുകളം**

**വാർഡ് 10**

പ്രസിഡന്റ്



**ജോസ് വെളിയപ്പിള്ളിൽ**

സെക്രട്ടറി



**പ്രിൻസി കോയിക്കൽ**

# ദേവാലയ വായനകൾ

## 2025 ജൂൺ
## ഉയിർപ്പുകാലം

1 ഞാ ഏശ 6:1-13
ശ്ലീഹ 1:15-26
ഫിലി 2:1-11
മർക്കോ 16:14-20

2 തി 2 തെസ 2:13-17
യോഹ 4:3-15

3 ചൊ 1 കോറി 8:8-13
ലൂക്കാ 12:13-21

4 ബു 1 യോഹ 4:12-21
യോഹ 17:1-5

5 വ്യാ 1 യോഹ 1:1-3
ലൂക്ക 14:25-35

6 വെ ആദ്യവെള്ളി
1 യോഹ 2:22-25
മത്താ 24:7-14

7 ശ 1 കോറി 9:13-18
മത്താ 18:23-35
**വിശുദ്ധ മറിയം ത്രേസ്യ**
ഉത്പ 12:1-4
പ്രഭാ 2:1-6
ഗലാ 2:19-21
മത്താ 25:31-40

## ശ്ലീഹാക്കാലം

8 ഞാ **പന്തക്കുസ്താത്തിരുനാൾ**
ഇന്നുമുതൽ ത്രികാലജപം 'കർത്താവിന്റെ മാലാഖ' ചൊല്ലുന്നു.
പുറ 19:1-9
ശ്ലീഹ 2:1-13
1 കോറി 12:1-11
യോഹ 16:5-15

9 തി 1 കോറി 14:26-33
മത്താ 11:25-30
**മാർഅപ്രേം**
നിയ 26:16-19
പ്രഭാ 45:1-5
റോമാ 5:1-5
മത്താ 5:13-20

10 ചൊ 2 തെസ 1:3-12
മത്താ 20:29-34

11 ബു 1 കോറി 11:31-34
മത്താ 13:31-35
**വിശുദ്ധ ബർണ്ണബാസ് ശ്ലീഹാ**
1 ദിന 16:8-12
ശ്ലീഹ 11:21-26
ഗലാ 2:1-10
മത്താ 10:16-22

12 വ്യാ ഹെബ്രാ 8:7-13
യോഹ 2:13-25

13 വെ **(സ്വർണ്ണവെള്ളി)**
ഏശ 35:3-10
ശ്ലീഹ 3:1-26
1 കോറി 12:31-13:13
ലൂക്കാ 7:11-23
**പാദുവായിലെ വിശുദ്ധ അന്തോണീസ്**
1 കോറി 2:1-10
ലൂക്കാ 10:1-9

14 ശ
1 കോറി 12:12–20
യോഹ 6:25–29

15 ഞാ
ജോയേ 2:18–26
ശ്ലീഹ 4:8–22
1 കോറി 6:1–11
ലൂക്കാ 7:36–50
പരിശുദ്ധ
**ത്രിത്വത്തിന്റെ തിരുനാൾ**
ഉത്പ 18:1–8
ഏശ 48:12–17
റോമാ 5:1–5
യോഹ 16:12–15

16 തി
ഫിലി 3:16–21
യോഹ 11:17–27

17 ചൊ
1 കോറി 9:1–12
യോഹ 6:64–71

18 ബു
1 കോറി 6:12–20
യോഹ 6:37–44

19 വ്യാ
**പരിശുദ്ധ കുർബാനയുടെ തിരുനാൾ**
ഉത്പ 14:17–20
മലാ 1:7–12
1 കോറി 11:23–30
യോഹ 6:51–59

20 വെ
1 കോറി 3:18–23
യോഹ 6:45–50

21 ശ
1 കോറി 10:14–22
യോഹ 6:1–15
**വിശുദ്ധ ജോൺ ഫിഷർ, വിശുദ്ധ തോമസ് മൂർ**
1 പത്രോ 4:12–19
മത്താ 10:16–22

22 ഞാ
നിയ 1:5–8
ഏശ 1:1–9
1 കോറി 7:1–7
ലൂക്കാ 10:25–37

23 തി
1 കോറി 12:18–27
യോഹ 6:30–36

24 ചൊ
1 കോറി 4:15–21
മത്താ 18:6–9
**വിശുദ്ധ യോഹന്നാൻ മാംദാനയുടെ ജനനം**
2 സാമു 12:1–10
ജറെ 1:4–10, 16–19
ഗലാ 4:1–7
ലൂക്കാ 1:57–66

25 ബു
ഫിലി 2:12–16
യോഹ 4:39–42

26 വ്യാ
1 കോറി 3:1–9
ലൂക്കാ 8:4–15

27 വെ
**ഈശോയുടെ തിരുഹൃദയത്തിരുനാൾ**
ഉത്പ 13:8–18
ഏശ 52:13–53:9
റോമാ 10:1–10
യോഹ 19:30–37

28 ശ
**മാതാവിന്റെ വിമലഹൃദയത്തിരുനാൾ**
ഉത്പ 17:15–22
ഏശ 7:10–16
എഫേ 1:2–8
ലൂക്കാ 2:41–51
**വിശുദ്ധ ഇരണേവൂസ്**
പുറ 28:28–30
മലാ 2:4–7

2 തിമോ 3:14-17
യോഹ 14:26-30
**വി.പത്രോസ്**
**വി.പൗലോസ് ശ്ലീഹന്മാർ**
**(ജൂൺ 29)**
2 രാജാ 4:16-21, 32-37
ശ്ലീഹ 9:36-42
2 കോറി 11:21-33
യോഹ 21:15-19

29 ഞാ നിയ 1:16-18
ഏശ 1:10-20
1 കോറി 9:19-27
ലൂക്കാ 6:27-36

30 തി 2 കോറി 1:3-7
മർക്കോ 5:25-34

**2025 ജൂലൈ**

1 ചൊ ഫിലി 1:12-18
ലൂക്കാ 10:38-42

2 ബു 1 കോറി 15:31-34
മത്താ 14:22-33

3 വ്യാ **മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ**
ഉത്പ 2:8-17
സുഭാ 4:10-18
എഫേ 2:19-22
യോഹ 20:24-29

4 വെ **ആദ്യവെള്ളി**
ഗലാ 2:15-18
മർക്കോ 5:21-24, 35-43

5 ശ 2 കോറി 2:12-17
മർക്കോ 1:40-45


6 ഞാ നിയ 1:33-46
ഏശ 1:21-31
1 കോറി 14:1-12
ലൂക്കാ 12:22-34

**വിശുദ്ധ ഗ്രന്ഥവായനകൾ**

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 01.06.2025 | 5.30 am | ജോസ് പനോക്കാരൻ | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | തങ്കച്ചൻ ചേരിയിൽ |
| 08.06.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | ഷെഫി നടുത്തോട്ടത്തിൽ | ജോർജ്ജ് നടുക്കുടിയിൽ |
| 15.06.2025 | 5.30 am | ജോസ് വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | റോസ്മി ചെറായിൽ | ജോസ് തലയ്ക്കൽ |
| 22.06.2025 | 5.30 am | ജോസഫ് പീച്ചാട്ട് | ജോസ് പനോക്കാരൻ |
| | 7.00 am | ജിംസി ഊട്ടുകുളം | മാത്യു ഊട്ടുകുളം |
| 29.06.2025 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | ഷെഫി നടുത്തോട്ടത്തിൽ | ജോസ് തലയ്ക്കൽ |
| 06.07.2025 | 5.30 am | ജോസഫ് പീച്ചാട്ട് | ജയിംസ് വടക്കേൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | തങ്കച്ചൻ ചേരിയിൽ |

## സ്നേഹസ്മരണയ്ക്ക് 06.06.2025

**8–ാം ചരമവാർഷികം**



**എൻ.റ്റി. എബ്രഹാം**

**ഞൂഴുമുറിയിൽ**

## സ്നേഹസ്മരണയ്ക്ക് 8-6-2025

**18–ാം ചരമവാർഷികം**



**വി.എം. ജോസഫ്**

**വറങ്ങലക്കുടിയിൽ**

## സ്നേഹസ്മരണയ്ക്ക്

15.06.2025

1-ാം ചരമവാർഷികം







**ജോസഫി സേവ്യർ**
**കാരിക്കപ്പറമ്പിൽ**

## സ്നേഹസ്മരണയ്ക്ക്

29-6-2025

1-ാം ചരമവാർഷികം







**പോൾ സേവ്യർ**
**കാരിയ്ക്കപ്പറമ്പിൽ**

## സ്നേഹസ്മരണയ്ക്ക് 22-6-2025


**15-ാം ചരമവാർഷികം**



**ചിന്നമ്മ ജോസഫ്**
**കണ്ണാടൻ**

## സ്നേഹസ്മരണയ്ക്ക് 16-6-2025


**19-ാം ചരമവാർഷികം**



**ജോഷി ചാക്കോ**
**വറങ്ങലക്കുടിയിൽ**

## സ്നേഹസ്മരണയ്ക്ക് 18.06.2025

**19–ാം ചരമവാർഷികം**



**വി.സി. മത്തായി**

**വെണ്ടർമ്യാലിൽ**

## സ്നേഹസ്മരണയ്ക്ക് 21–6–2025

**14–ാം ചരമവാർഷികം**



**അന്നമ്മ ജോൺ**

**വയലിൽ**

## സ്നേഹ സ്മരണയ്ക്ക്

21–ാം ചരമവാർഷികം
8–6–2025

14–ാം ചരമവാർഷികം
28–6–2025



**ചാക്കോ വർക്കി** **ത്രേസ്യ ചാക്കോ**

**നടുത്തോട്ടത്തിൽ**

## സ്നേഹ സ്മരണയ്ക്ക്

22.06.2025

6–ാം ചരമവാർഷികം



**മറിയക്കുട്ടി കുര്യൻ**

**മെതിപ്പാറയിൽ**

## വിവാഹ മംഗളാശംസകൾ.. 17.05.2025



**അലൻ ജെയിംസ്**
**വടക്കേൽ**

&

**ആൽഫി ജോസ്**
**തൊടുകയിൽ**